STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.407/PR/SPMC/PHQ/2026 Date:09.09.2026

പത്രക്കുറിപ്പ്

## ചരിത്രം എഴുതിയും പൊരുതി നേടിയും സംസ്ഥാന പോലീസ് കായികമേള രണ്ടാം ദിനത്തിൽ

47-ാംമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക്സ് ആൻഡ് ഗെയിംസ് രണ്ടാം ദിനം ചരിത്ര നിമിഷങ്ങൾക്ക് വേദിയായി.

യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലുമായി നടന്ന 26 കായികയിനങ്ങളിൽ ഉച്ചവരെ പൊരുതി നിന്ന കേരള ആംഡ് വുമൺ പോലീസ് ബറ്റാലിയനെ പിന്തള്ളി ഇന്ത്യ റിസർവ് ബറ്റാലിയൻ 99 പോയിന്റോടുകൂടി ഒന്നാം സ്ഥാനം സ്വന്തമാക്കി.

നീണ്ട 76 വർഷത്തെ ജാവലിൻ റെക്കോർഡ് തിരുത്തികുറിച്ച് കെ.എ.പി ഒന്നാം ബറ്റാലിയൻ താരം അരുൺ ബേബി കായികമേളയിൽ ശ്രദ്ധേയനായി. 1950 ൽ എസ് എ പി താരം, പി. വി തോമസ് സ്ഥാപിച്ച 60.96 മീറ്റർ റെക്കോർഡ് ആണ് അരുൺ ബേബി 73.29 എന്ന സ്കോറിലൂടെ മറികടന്നത്.

സ്പെഷ്യൽ ആംഡ് പോലീസിലെ ആൻ റോസ് ടോമി 100 മീറ്റർ ഹർഡ്‌സിലും വനിതാ വിഭാഗം 400 മീറ്ററിലും ഇരട്ട സ്വർണ്ണം നേടി.

തിരുവനന്തപുരം ചന്ദ്രശേഖർ നായർ സ്റ്റേഡിയത്തിൽ രാവിലെ ആറുമണിക്ക് ആരംഭിച്ച 10 കിലോമീറ്റർ റേസ് വാക്കിലൂടെ രണ്ടാം ദിന കായികം മത്സരങ്ങൾക്ക് തുടക്കമായി. കണ്ണൂർ സിറ്റിയുടെ പ്രദീഷ് .ഒ ഒന്നാം സ്ഥാനം നേടി.

5 കിലോമീറ്റർ റേസിൽ കെ എ പി നാലാം ബറ്റാലിയനിലെ അക്ഷയ കെ ഒന്നാംസ്ഥാനം നേടിയപ്പോൾ പോൾ വാൾട്ട് പുരുഷ വിഭാഗം കെഎപി മൂന്നാം ബറ്റാലിയനിലെ അശ്വിൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

റിലേ മത്സരങ്ങളിൽ വനിതാ വിഭാഗം ജനറൽ കാറ്റഗറിയിൽ വനിതാ ബറ്റാലിയൻ സേനാംഗങ്ങളായ അരുണിമ, അശ്വതി എൻ. കെ, പാർവതി പി. ജെ, സോനാ എസ്. കുമാർ, അഖില കെ. അശോകൻ, ഒന്നാം സ്ഥാനം നേടി.

4x100 മീറ്റർ സീനിയർ വനിതാ വിഭാഗം പാലക്കാട് സേനാംഗങ്ങളായ ആഗ്നസ്, സുനിത, ഹേമലത, സുനിത എന്നിവർ ഒന്നാം സ്ഥാനത്തിന് അർഹരായപ്പോൾ ട്രിവാൻഡ്രം സിറ്റിയിലെ താരങ്ങളായ അമ്പിളി കല, ലക്ഷ്മി പി, ലത, സിന്ധു എൽ, മഞ്ജു എസ്, എന്നിവർ സൂപ്പർ സീനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി.

ജാവലിൻ ത്രോ വനിതാ വിഭാഗം അലീന ജോസ് മലബാർ സ്പെഷ്യൽ പോലീസിന് വേണ്ടി ഒന്നാം സ്ഥാനം സ്വന്തമാക്കി. സൂപ്പർ സീനിയർ വിഭാഗത്തിൽ ലോങ്ങ് ജംബിൽ വയനാട്ടിൽ നിന്നുള്ള ജെയ്സൺ ഒ. വി സ്വർണ്ണം നേടി.

യൂണിവേഴ്സിറ്റി ഗ്രൗണ്ടിൽ നടന്ന ഫീൽഡ് ഇനങ്ങളിൽ പുരുഷ വിഭാഗം ഡിസ്കസ് ത്രോയിൽ കണ്ണൂർ സിറ്റി പോലീസ് സേനംഗം ഫൈസൽ കെ 35.08 മീറ്റർ ദൂരം കണ്ടെത്തിയാണ് വിജയം സ്വന്തമാക്കിയത് .

വനിതാ വിഭാഗം ഡിസ്കസ് ത്രോയിൽ കോട്ടയത്തിനു വേണ്ടി ആര്യ പി സ്വർണം സ്വന്തമാക്കി.

വാശിയേറിയ പുരുഷ വിഭാഗം ഹാമർ ത്രോയിൽ കോട്ടയത്ത് നിന്നുള്ള അനൂപ് ടി പിയും അജേഷ് മാത്യു എന്നിവർ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയപ്പോൾ, വനിതാ വിഭാഗം കണ്ണൂർ സിറ്റിയുടെ സെറീനയും, ശ്രിക്ഷ ചന്ദ്രനും ഒന്ന് രണ്ട് സ്ഥാനം വീതം നേടി.

തിരുവനന്തപുരം സിറ്റിയിലെ പുരുഷ വനിത വിഭാഗങ്ങൾ 4x100 മീറ്റർ റിലേ സ്വന്തമാക്കിയപ്പോൾ സീനിയർ പുരുഷ വിഭാഗം 4x100 മീറ്റർ കണ്ണൂർ സിറ്റി കരസ്ഥമാക്കി.

കോഴിക്കോട് നിന്നുള്ള ബുജു കെ സി ലോംങ്ങ് ജംബ് സീനിയർ വിഭാഗത്തിൽ സ്വർണമെഡൽ നേടിയപ്പോൾ എറണാകുളം റൂറൽ സേനാഗം ഐസിമോൾ ഒന്നാംസ്ഥാനം വനിത വിഭാഗത്തിൽ കരസ്ഥമാക്കി.

വനിതാ ബറ്റാലിയനിൽ നിന്നും മീര ബി യും ഐ.ആർ.ബി യിലെ കെ പി വിഷ്ണു പണിക്കർ 1500 മീറ്ററിൽ സ്വർണം കരസ്ഥമാക്കി.

അനിരുദ്ധ് സി ആർ 400 മീറ്റർ കെ എ പി മൂന്നാം ബറ്റാലിയനുവേണ്ടി സ്വർണം നേടി. 110 മീറ്റർ ഹർഡ്സിൽ ജനറൽ കാറ്റഗറിയിൽ കെ.എ.പി രണ്ടാം ബറ്റാലിയനു വേണ്ടി സഹദ് സ്വർണം നേടി. പുതിയ റെക്കോർഡ് 14.634 സെക്കന്റ് സൃഷ്ടിച്ചു. 2012 ൽ നിബു ജോർജ് നേടിയ 15.20 റെക്കോർഡാണ് സഹദ് മറികടന്നത്.

രണ്ടുദിവസങ്ങളിലായി നടന്ന ഡെക്കതാലോൺ ഇവൻറ് മത്സരത്തിൽ ഐആർബിഎൻ താരം മുഹമ്മദ് ദിൻഷാദ് 4424 പോയിന്റുകളോടുകൂടിയാണ് ഒന്നാംസ്ഥാനം നേടിയെടുത്തത്.

3000മീറ്റർ പുരുഷ വിഭാഗം സ്റ്റീപ്പിൾ ചേസ് ഇനത്തിൽ ഐ.ആർ.ബി.എൻ താരം ഷിനോയ് എസ് ജി സ്വർണം നേടി.

കെ എ പി 2 ബറ്റാലിയൻ താരങ്ങളായ ആഷിഫ്, പ്രമോദ്, സഹദ് ,മുഹമ്മദ് ഫായ്സ് സി, രാഹുൽ എം, എന്നിവർ അടങ്ങുന്ന ടീം, 4x100 മീറ്റർ റിലേ സ്വർണം കരസ്ഥമാക്കി. ഇതോടുകൂടി രണ്ടാം ദിന മത്സരങ്ങൾ സമാപിച്ചു.

വാശിയേറിയ മത്സരങ്ങൾ ഇനിയും ബാക്കി നിൽക്കേ ചാമ്പ്യൻഷിപ്പ് സ്വന്തമാക്കാൻ സേനാംഗങ്ങൾക്ക് ഇനി അവസാന ദിന മത്സരങ്ങൾ നിർണ്ണായകമായേക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************